# കാർഷികപുനരുദ്ധാരണപദ്ധതി: വിദഗ്ധസംഘം നീലേശ്വരം സന്ദർശിച്ചു

**നീലേശ്വരം** ▸ വെള്ളപ്പൊക്കക്കെടുതിയിൽ നശിച്ചുപോയ കൃഷിയിടങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെയും അനുയോജ്യമായ പുതിയ കാർഷികവിളവുകൾ നടപ്പാക്കുന്നതിന്റെയും ഭാഗമായി കാർഷിക വിദഗ്ധരുടെ ഉന്നതതലസംഘം നീലേശ്വരത്തെത്തി. നീലേശ്വരം നഗരസഭ ആവിഷ്കരിച്ച 'വെള്ളംകടന്ന് വിളവിലേക്ക്' എന്ന കാർഷികപദ്ധതിക്ക് രൂപംനൽകുന്നതിന്റെ ഭാഗമായാണിത്.

കാസർകോട് സി.പി.സി.ആർ.ഐ.യിലെ സോഷ്യൽ സയൻസ് വിഭാഗം മേധാവി ഡോ. കെ.മുരളീധരൻ, വിള ഉത്പാദന ഡിവിഷൻ മേധാവി ഡോ. കെ.രവി ഭട്ട്, പ്രിൻസിപ്പൽ സയിന്റിസ്റ്റ് ഡോ. എ.സി.മാത്യു എന്നിവരുടെ നേതൃത്വത്തിലുള്ള ഒരുസംഘം ശാസ്ത്രജ്ഞരും പടന്നക്കാട് കാർഷിക കോളേജിലെ സോയിൽ സയൻസ് വിഭാഗം അധ്യാപകൻ ഡോ. പി.നിതീഷ്, കൃഷി ഓഫീസർമാർ തുടങ്ങിയവരും ഉൾപ്പെട്ട സംഘമാണ് നഗരസഭാപരിധിയിലെ വെള്ളപ്പൊക്കംമൂലം കൃഷിനാശം സംഭവിച്ച സ്ഥലങ്ങൾ സന്ദർശിച്ച് മണ്ണ് സാമ്പിളുകൾ ശേഖരിച്ചത്. ഈ മണ്ണ് സി.പി.സി.ആർ.ഐ.യിലെയും കാർഷിക കോളേജിലെയും ലാബുകളിൽ രാസപരിശോധനയ്ക്ക് വിധേയമാക്കി ഈ പ്രദേശങ്ങളിൽ ഉചിതമായ കാർഷിക വിളവുകൾ നിർദേശിച്ചു. നീലേശ്വരം നഗരസഭാ ചെയർമാൻ പ്രൊഫ. കെ.പി.ജയരാജൻ അടക്കമുള്ള നഗരസഭാധികൃതരും സംഘത്തോടൊപ്പമുണ്ടായിരുന്നു. വെള്ളപ്പൊക്കക്കെടുതി അനുഭവിച്ച കർഷകർക്ക് ആത്മവിശ്വാസം നൽകാനും ഏതുവിധത്തിൽ കൃഷിയിറക്കണമെന്ന് ബോധവത്കരിക്കാനുമായി കൃഷിശാസ്ത്രജ്ഞന്മാരെയും കൃഷിവിദഗ്ധരെയും പങ്കെടുപ്പിച്ചുള്ള ഏകദിന കാർഷിക സെമിനാർ സെപ്റ്റംബർ നാലിന് നീലേശ്വരത്ത് നടത്തും.